1 ഞാൻ പാപിയായിരുന്നെന്നേശു എന്നെ തേടി വന്നല്ലോ
എന്നുടെ പാപം വഹിച്ചവൻ കുരിശിൽ തന്നുയിർ തന്നല്ലോ-

എന്തത്ഭുതം ദൈവ സ്നേഹത്തിൻ ആഴം അറിവാനെളുതല്ല
സങ്കടത്തിൽ താങ്ങി നടത്തും തൻകൃപ ചെറുതല്ല

2 രക്താംബരം പോൽ കടും ചുവപ്പായിരുന്നെന്നുടെ പാപങ്ങൾ
കർത്താവതു ഹിമ സമമായ് മാറ്റി തൻപ്രിയ മകനാക്കി-

3 കാർമേഘമുയരാമെന്നാൽ കർത്തൻ തള്ളുകയില്ലെന്നെ
കാണും ഞാനതിൻ നടുവിൽ കൃപയെഴും തൻ മഴവില്ലൊന്ന്-

4 അത്യുന്നതൻ തൻമറവിൽ വാസം ചെയ്തിടും ഞാനിന്ന്
അത്യാദരം ഞാൻ പാടുമെന്നാശയും കോട്ടയുമവനെന്ന്-

5 സീയോൻ ഗിരിയിലൊരിക്കലിനി ഞാൻ നിൽക്കും സാനന്ദം
കാണും പ്രിയനെ, സ്തുതിയിൻ പല്ലവി പാടും ഞാനെന്നും-